ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടറുടെ കാര്യാലയം
തൈക്കാട്, തിരുവനന്തപുരം-14.

വെബ്സൈറ്റ്: www.ims.kerala.gov.in ഫോൺ നം- 0471-2323960

ഇ-മെയിൽ : director.ims@kerala.gov.in,cru.ims@kerala.gov.in

## ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടറുടെ നടപടിക്രമം

വിഷയം :- ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് -ജീവനക്കാര്യം- ഡോ. വിനീത് എബ്രഹാം-അസിസ്റ്റന്റ് ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസർ-ഇ.എസ്.ഐ. ഡിസ്പെൻസറി പെരുമ്പാവൂർ-പരിവീക്ഷാകാലം പൂർത്തിയാക്കിയതായി പ്രഖ്യാപിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-

1. കേരള പി.എസ്.സിയുടെ RIE(2)/9103/2017/GW നമ്പർ നിയമന ശുപാർശ തീയതി: 30.09.2019
2. ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ ഡയറക്ടറുടെ E1-132/2019/DIMS നമ്പർ നിയമന ഉത്തരവ് തീയതി: 12.11.2019
3. ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടറുടെ D3-11671/2020/DIMS നമ്പർ ഉത്തരവ് തീയതി: 28.05.2022
4. സ.ഉ. (സാധാ) നം. 1224/2023/LBR നമ്പർ സർക്കാർ ഉത്തരവ് തീയതി: 30.09.2023
5. ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടറുടെ E1-132/2019/DIMS നമ്പർ ഉത്തരവ് തീയതി: 09.04.2024
6. അക്കൗണ്ടന്റ് ജനറൽ കേരളയുടെ GE04/F/V-244/344 നമ്പർ കത്ത് തീയതി: 01.08.2024

## ഉത്തരവ് നമ്പർ –ഇ1-2248/2024/ ഡി ഐ എം എസ് തീയതി:27-08-2024

ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിലേയ്ക്ക് പരാമർശം (1) പ്രകാരം കേരള പി.എസ്.സി നിയമന ശുപാർശ ചെയ്ത ഡോ. വിനീത് എബ്രഹാം -നെ പരാമർശം (2) പ്രകാരം അസിസ്റ്റന്റ് ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസർ തസ്തികയിൽ നിയമിച്ചതിന്റെ അടിസ്ഥാനത്തിൽ ടിയാൻ പട്ടാഴി ഇ.എസ്.ഐ. ഡിസ്പെൻസറിയിൽ 28.11.2019 തീയതി രാവിലെ ജോലിയിൽ പ്രവേശിച്ചു.20.03.2020 മുതൽ 02.08.2021 വരെ കാലയളവിൽ അനധികൃതമായി ജോലിയിൽ നിന്നും വിട്ടുനിന്നതിനെത്തുടർന്ന് ടിയാനെതിരെ പരാമർശം (3) പ്രകാരം അച്ചടക്ക നടപടി സ്വീകരിക്കുകയും ടിയാന്റെ രണ്ട് വാർഷിക വേതന വർദ്ധനവ് സഞ്ചിത പ്രാബല്യത്തിൽ തടയുകയും ടി കാലയളവ് ഇൻക്രിമെന്റ് , പെൻഷൻ, ഹയർ ഗ്രേഡ് , ആർജ്ജിതാവധി എന്നിവയ്ക്ക് പരിഗണിക്കുകയില്ലെന്ന

വ്യവസ്ഥയിൽ കെ.എസ്.ആർ.ഭാഗം-I, ചട്ടം 88(ii) -ൽ ഇളവ് വരുത്തി ശൂന്യവേതനാവധിയായി ക്രമീകരിച്ച് പരാമർശം (4) പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. തുടർന്ന് ടിയാൻ 03.08.2021 തീയതി പൂർവാഹ്നം പെരുമ്പാവൂർ ഇ.എസ്.ഐ. ഡിസ്പെൻസറിയിൽ തിരികെ ജോലിയിൽ പ്രവേശിച്ചു.ആയതിനാൽ ടിയാന്റെ പരിവീക്ഷാകാലം ആരംഭിക്കുന്നത് 03.08.2021 തീയതി മുതലാണ്. പരാമർശം (5) പ്രകാരം ടിയാന്റെ നിയമനം ക്രമവത്കരിച്ചിട്ടുണ്ട്. ടിയാൻ 11.05.2023 തീയതിൽ നടന്ന പരീക്ഷയിൽ നിർബന്ധിത വകുപ്പുതല പരീക്ഷ വിജയിച്ചിട്ടുണ്ട്. ടി കാലയളവിൽ ടിയാന്റെ പ്രവൃത്തിയും സ്വഭാവവും തൃപ്തികരമാണ്.ടി കാലയളവിൽ ടിയാനെതിരെ അച്ചടക്ക നടപടിയൊന്നും ഉണ്ടായിട്ടില്ല. പരിവീക്ഷാ കാലയളവിൽ അവധി എടുത്തിട്ടില്ലെന്ന് പരാമർശം (6) പ്രകാരം അക്കൌണ്ട് ജനറൽ അറിയിച്ചിട്ടുണ്ട്.

മേൽസാഹചര്യത്തിൽ ഡോ. വിനീത് അബ്രഹാം അസിസ്റ്റന്റ് ഇൻഷുറൻസ് മെഡിക്കൽ ഓഫീസർ തസ്തികയിലെ പരിവീക്ഷാ കാലയളവ് 02.08.2023 തീയതി പൂർത്തിയാകുകയും 03.08.2023 തീയതി പൂർവാഹ്നം പ്രാബല്യത്തിൽ വിജയകരമായി പൂർത്തിയാക്കിയതായി പ്രഖ്യാപിച്ച് ഇതിനാൽ ഉത്തരവാകുന്നു.

Signed by
Joan Karen Meyn
Date: 27-08-2024 17:32:20

ഡോ. JOAN KAREN MEYN
ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടർ (ഇൻ-ചാർജ്)

സ്വീകർത്താവ്

ഡോ. വിനീത് എബ്രഹാം
അസിസ്റ്റന്റ് ഇൻഷുറൻസ് മെഡിക്കൽ ഓഫീസർ
ഇ.എസ്.ഐ. ഡിസ്പൻസറി പെരുമ്പാവൂർ (ഐ.എം.ഒ മുഖേന)

പകർപ്പ്:-

1) അക്കൌണ്ടന്റ് ജനറൽ കേരള, തിരുവനന്തപുരം
2) റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ മദ്ധ്യമേഖല എറണാകുളം
3) ഇൻഷുറൻസ് മെഡിക്കൽ ഓഫീസർ ഇ.എസ്.ഐ.ഡിസ്പെൻസറി പെരുമ്പാവൂർ
4) ഫയൽ/സ്റ്റോക്ക് ഫയൽ/വെബ്സൈറ്റ്